# മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ സ്വസ്ഥത

മൂന്നാം ക്വാർട്ടർ

(ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ)

2021

**REST IN CHRIST**
(Malayalam)

| | | |
|---|---|---|
| *Principal Contributor* | : | **Gerald A Klingbeil** |
| *Translated by* | : | **Pr. S. Stanley** |
| *Director* | : | **Joykutty Das** |
| *Editorial Board* | : | **Soey Thomas, Joykutty Das** |
| *Published by* | : | Sabbath School Department<br>SWIU of Seventh - day Adventists,<br>Evergreen Lane, Moospet Road,<br>Thrissur - 680 005<br>Tel: 0487 2440341, 9447939119<br>Email: swiusda5@gmail.com<br>mr.joykuttydas@gmail.com |

*Copyright @ 2021 Publishers*

| | | |
|---|---|---|
| *Printed at* | : | Ebenezer Printpack (P) Ltd.<br>(On behalf of OWPH)<br>Thrissur - 680 012, Kerala<br>Tel: 0487 2361892, 2360992<br>www.ebenezerprinters.com |
| Copies | : | 4500 |
| Price | : | 20/- |

# അസ്വസ്ഥത

ഒരു വലിയ കൊടുങ്കാറ്റിനെ നേരിടാനുണ്ടെന്നുള്ള വിവരം ക്യാപ്റ്റൻ പരസ്യപ്പെടുത്തുന്നതുവരെ വിമാനം സാധാരണനിലയിൽ പറന്നുകൊണ്ടിരുന്നു. “ദയവായി എല്ലാവരും സീറ്റ്ബെൽറ്റുകൾ മുറുക്കുക. നാമെല്ലാവരും ഒഴുക്കിൽപ്പെട്ടു നീങ്ങുവാൻ പോകയാണ്.” ഇത്രയും പറഞ്ഞുകൊണ്ടു പൈലറ്റിന്റെ മുറിയിൽനിന്നുള്ള പ്രഖ്യാപനം അവസാനിച്ചു.

കൊടുങ്കാറ്റിൽ ആടി ഉലയുന്നതുപോലെ വിമാനം കഠിനമായി പ്രകമ്പനം കൊണ്ടു. മുകളിലെ അറകൾ താനെ തുറന്നുപോയി. യാത്രക്കാർ സീറ്റുകളിൽ വലിഞ്ഞുമുറുകി. ഭയാനക കുലുക്കത്തിൻ മദ്ധ്യേ പിന്നിൽ നിന്നാരോ ഉച്ചത്തിൽ നിലവിളിച്ചു. ഒരു ചിറകു പറിഞ്ഞുപോയതുപോലെ വശത്തേക്കു ചരിഞ്ഞപ്പോൾ നിലത്തടിക്കുന്നതായി ചില മനസ്സുകളിൽ ഭയം മിന്നിമറഞ്ഞു. ഇക്കോണമി ക്ലാസ്സിലെ (ചെലവു കുറഞ്ഞതരം) മുൻനിരയിലിരുന്ന ഒരു ചെറിയ പെൺകുട്ടിയൊഴികെ ബാക്കി യാത്രക്കാരെല്ലാം ഭയചകിതരായി. തന്റെ മുൻവശത്തെ ചെറുമേശവലിപ്പു തുറന്ന് അതിൽ പുസ്തകംവച്ച് പടംവരക്കുന്ന തിരക്കിലായിരുന്നു അവൾ. ഇടയ്ക്കിടെ തന്റെ വശത്തുള്ള ചെറുജാലകത്തിലൂടെ പുറത്തേക്കു നോക്കി മിന്നൽപ്പിണർ ആസ്വദിക്കുകയും വീണ്ടും ശാന്തമായി അവൾ ചിത്രരചനയിൽ മുഴുകുകയുമായിരുന്നു.

അവസാനം വിമാനം നിലത്തിറങ്ങിയപ്പോൾ യാത്രക്കാരെല്ലാം അനന്തതയുടെ പകുതിയും കഴിഞ്ഞുപോയതുപോലെയായിരുന്നു. സുരക്ഷിതമായി നിലത്തിറങ്ങിയ സന്തോഷത്തിൽ യാത്രക്കാരെല്ലാം കയ്യടിച്ചു. ആ ചെറിയ പെൺകുട്ടി തന്റെ സഞ്ചി അടച്ചുവെച്ചുകൊണ്ട് യാത്രക്കാരെല്ലാം ഇറങ്ങിപ്പോകുന്നതു കാത്തിരുന്നു. അവൾക്കു ഭയമൊന്നുമില്ലായിരുന്നോയെന്ന് അപ്പോൾ യാത്രക്കാരിലൊരാൾ അവളോടു ചോദിച്ചു. ഇത്രവലിയ കൊടുങ്കാറ്റിൽ വിമാനം ആടിയുലഞ്ഞിട്ടും അവളിത്രമാത്രം ശാന്തചിത്തയായിരിക്കുന്നതെങ്ങനെ?

അതിശയിച്ചുനില്ക്കുന്ന ആ മനുഷ്യനോടുള്ള അവളുടെ ഉത്തരം ലഘുവായതായിരുന്നു. ‘എനിക്കു ലേശവും ഭയം തോന്നിയില്ല. എന്റെ ഡാഡിയാണ് ഈ വിമാനത്തിന്റെ പൈലറ്റ്. എന്നെ അദ്ദേഹം വീട്ടിൽ കൊണ്ടുപോകയാണെന്നെനിക്കറിയാം.”

സാധാരണയായി അസ്വസ്ഥതയും ഭയവും കൈകോർത്തുപോകയാണ്. ആഴ്ചയിലെ ഏഴുദിവസവും ദിനന്തോറുമുള്ള ഇരുപത്തിനാലു മണിക്കൂറും തിരക്കിലോടുന്ന മനുഷ്യരുടെ മദ്ധ്യേ ജീവിക്കുമ്പോൾ ജീവിതത്തിൽ അസ്വസ്ഥതയും ഭയവും സാധാരണയാണ്. വല്ലപ്പോഴുമെങ്കിലും ഭയത്തോടു പോരിടുകയും ഭാവിയെക്കുറിച്ച് ആശങ്കപ്പെടുകയും ചെയ്യാതിരിക്കുന്നവർ ആരൊക്കെയാണ്? കഴിഞ്ഞതു കഴിഞ്ഞു. ഇപ്പോൾ നടക്കുന്നതു നാം കാണുന്നു. ഭാവിയെന്നതു ചോദ്യചിഹ്നങ്ങൾ നിറഞ്ഞിരിക്കുന്നു. ഈ ലോകം ശാശ്വതമല്ല. നാം ഇഷ്ടപ്പെടാത്തതാണു പലപ്പോഴും സംഭവിക്കുന്നത്. അടുത്ത മാസവാടക, സ്കൂൾഫീസ് എന്നിവ കൊടുക്കുന്നതെങ്ങനെ? തകർന്നടിയുന്ന ദാമ്പത്യം അടുത്തുവരാനിരിക്കുന്ന കോളിളക്കം കൂടെ അതിജീവി

ക്കുമോ? ആവർത്തിച്ചാവർത്തിച്ചു നമ്മൾ ദൈവത്തെ നിരാശനാക്കുന്നുണ്ടെങ്കിലും തുടർന്നു നമ്മെ സ്നേഹിക്കുവാൻ ദൈവത്തിനാകുമോ?

കുമിഞ്ഞുകൂടുന്ന ഇപ്രകാരമുള്ള ചില ഭയപ്പാടുകളെ ഈ പഠനത്തിൽ നാം കൈകാര്യം ചെയ്യുകയാണ്. ഒരു പഠനസഹായിയുടെയോ സുവിശേഷീകരണ യജ്ഞത്തിന്റെ കൂടാരയോഹപരമ്പരയുടെയോ വെറും തലവാചകമല്ല യേശുക്രിസ്തു വിങ്കലെ സ്വസ്ഥത. തന്റെ അനുഗാമികൾക്കു യേശു വാഗ്ദത്തം ചെയ്തിരിക്കുന്ന ഒന്നാണ് ക്രിസ്തുവിങ്കലെ സ്വസ്ഥത. "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹ. 10:10).

ഈ പഠനസഹായിയുടെ ലേഖനകർത്താക്കൾ ഇതു ക്രമീകരിക്കുമ്പോൾത്തന്നെ വേഗം അവരുടെ ഉള്ളിൽത്തട്ടിയ ആശയത്തിന്റെ പൊരുൾ ബൈബിളിലെ ദൈവ ശാസ്ത്രവിന്യാസം തന്നെയാണ്. സ്വസ്ഥതയെന്നതു രക്ഷ, കൃപ, സൃഷ്ടിപ്പ്, ശബ്ബത്ത്, മരണവിശ്രമം, യേശുവിന്റെ മടങ്ങിവരവ് എന്നിങ്ങനെ മറ്റുപലതുമായി ബന്ധപ്പെട്ടിരിക്കുന്നു.

മടങ്ങിവന്നു തന്നിൽ സ്വസ്ഥത കണ്ടെത്തുവാൻ യേശു വിളിക്കുമ്പോൾത്തന്നെ തന്റെ കാലത്തുണ്ടായിരുന്ന ശിഷ്യന്മാരെ മാത്രമല്ല കർത്താവ് ഉദ്ദേശിച്ചത് (മത്തായി 11:28). പാപരോഗത്തിൽ വലഞ്ഞു തകർന്നുപോരാടുന്ന ഭാവിതമുറയെയെല്ലാം സ്വസ്ഥതയുടെ ഉറവിടത്തിലേക്കു കർത്താവു ക്ഷണിക്കുന്നു. ഈ ത്രൈമാസപാഠ ങ്ങൾ പഠിക്കുന്ന നിങ്ങൾ ഓരോരുത്തരും അവങ്കലേക്കു മടങ്ങി സ്വസ്ഥത കണ്ടെ ത്തുവാൻ ഓർമ്മിക്കുക. നമ്മുടെ സ്വർഗ്ഗീയ പിതാവിങ്കലാണു സർവ്വത്തിന്റെയും നിയ ന്ത്രണം. നമ്മെ സുരക്ഷിതരായി ഭവനത്തിലേക്കു മടക്കിക്കൊണ്ടുപോകാൻ ആ പിതാവ് ഒരുങ്ങിയിരിക്കുന്നു.

വ്യത്യസ്ത സംസ്കാരങ്ങളിൽ ഉൾപ്പെട്ടവരായ ചന്ദളും ജറാൾഡ് ക്ലിംഗ്ബെയിലും ദമ്പതികളായി ഒരുമിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സൗത്ത് ആഫ്രിക്കക്കാരി യായ ചന്ദൾ എലൻ വൈറ്റ് എസ്റ്റേറ്റിൽ അസോസിയേറ്റ് ഡയറക്ടറും ജർമ്മനിയിൽ ജനിച്ചുവളർന്ന ജെറാൾഡ് അഡ്വന്റിസ്റ്റ് റിവ്യൂവിന്റെ സഹ എഡിറ്ററും ആൻഡ്രൂസ് യൂണിവേഴ്സിറ്റിയിൽ പഴയനിയമ കാലഘട്ടത്തിന്റെ സമീപ പൗരസ്ത്യവിഭാഗ പഠനത്തിൽ പ്രൊഫസ്സറും ആണ്.

# ഉള്ളടക്കം


പേജ്

1 സമൂഹത്തിലെ ജീവിതം
ജൂൺ 26 - ജൂലൈ 2 ....... 7

2 അസ്വസ്ഥരായ മത്സരികൾ
ജൂലൈ 3 - 9 ....... 14

3 അസ്വസ്ഥതയുടെ വേരുകൾ
ജൂലൈ 10 - 16 ....... 21

4 സ്വസ്ഥതയുടെ വില
ജൂലൈ 17 - 23 ....... 28

5 "എന്റെ അടുക്കൽ വരുവിൻ"
ജൂലൈ 24 - 30 ....... 35

6 കുടുംബബന്ധങ്ങളിൽ സ്വസ്ഥത
ജൂലൈ 31 - ആഗസ്റ്റ് 6 ....... 42

7 സ്വസ്ഥത, ബന്ധങ്ങൾ, സൗഖ്യം
ആഗസ്റ്റ് 7 - 13 ....... 49

8 സ്വാതന്ത്ര്യ സ്വസ്ഥത
ആഗസ്റ്റ് 14 - 20 ....... 56

9 സ്വസ്ഥതയുടെ ചലന സൗന്ദര്യം
ആഗസ്റ്റ് 21 - 27 ....... 63

10 ശബ്ബത്ത് സ്വസ്ഥത
ആഗസ്റ്റ് 28 - സെപ്റ്റംബർ 3 ....... 70

11 അതിയായ ആഗ്രഹം
സെപ്റ്റംബർ 4 - 10 ....... 77

12 അസ്വസ്ഥ പ്രവാചകൻ
സെപ്റ്റംബർ 11 - 17 ....... 84

13 അന്ത്യസ്വസ്ഥത
സെപ്റ്റംബർ 18 - 24 ....... 91